പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 520

2019 ഒക്ടോബർ 29 ന് മറുപടി നൽകേണ്ടത്

<u>കാസർകോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡെർമ്മറ്റോളജി</u>

| ക്രമ നം | ചോദ്യം | മറുപടി |
|---|---|---|
| (എ) | കാസർകോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡെർമ്മറ്റോളജിക്ക് 2014-15 ബജറ്റിൽ എത്ര തുകയാണ് സഹായമായി അനുവദിച്ചത്; | 2014-15 സാമ്പത്തിക വർഷത്തെ മൂന്നാം ഉപധനാഭ്യർത്ഥനയിൽ 'ന്യു സർവ്വീസ്' പാലിച്ചുകൊണ്ട് '2210-06-200-99 (NV) - Centre for Integrated Medicine and Public Health in the Institute of Applied Dermatology, Kasargode' - ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. |
| (ബി) | ഇതിൽ എത്ര തുക ഇതിനകം സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്നും ബാക്കി തുക എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ; | 2014-15 സാമ്പത്തിക വർഷം അനുവദിച്ച 50 ലക്ഷം രൂപ ചെലവാക്കിയിരുന്നില്ല. 2015-16 സാമ്പത്തിക വർഷം 2210-06-200-99 (NV) ശീർഷകത്തിൽ 50 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ച് റിലീസ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക യുടെ |

| | | |
|---|---|---|
| | | വിനിയോഗത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി തുക നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | ഏത് ആവശ്യത്തിനാണ് തുക അനുവദിച്ചതെന്ന് അറിയിക്കുമോ? | കാസർകോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡെർമ്മറ്റോളജിയുടെ കീഴിൽ ഒരു സെന്റർ ഫോർ ഇന്റഗ്രേറ്റഡ് മെഡിസിൻ & പബ്ലിക് ഹെൽത്ത് ആരംഭിക്കുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്. |
| (ഡി) | ബജറ്റിൽ പറഞ്ഞ മുഴുവൻ തുകയും നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും ബാക്കി തുക എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ? | നടപ്പ് സാമ്പത്തിക വർഷം 2210-06-200-99 (NV) ശീർഷകത്തിൽ ഒരു ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത സ്ഥാപനത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ